"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - കാർബൺ ന്യൂട്രൽ പ്രവർത്തങ്ങളുടെ ഭാഗമായി 2025 ഓഗസ്റ്റ് 9-ന് പുത്തരിക്കണ്ടം മൈതാനത്തിൽ വച്ച് "സീഡ്ബോൾ നിർമ്മാണവും ഗ്രീൻ ബജറ്റ് 2025 പ്രകാശനവും" എന്ന പരിപാടി സംഘടിപ്പിച്ചതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും 29,56,548 രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.616/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1)തിരുവനന്തപുരം നഗരസഭയുടെ 14.07.2025 ലെ കൗൺസിൽ തീരുമാനം നമ്പർ 1(2)

2) തിരുവനന്തപുരം നഗരസഭയുടെ 29.093.2025 ലെ കൗൺസിൽ തീരുമാനം നമ്പർ 3(A)43

3)തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിയുടെ 25.11.2025- ലെ C4/3986258/2025 നമ്പർ കത്ത്

4)തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2026- ലെ LSGD/PD/40196/2025-DPLA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2022-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ആക്ഷൻ പ്ലാൻ പ്രകാരം 2050- ഓടുകൂടി കാർബൺ ന്യൂട്രൽ ആക്കുന്നതിന് തീരുമാനിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നതിന്റെ ഭാഗമായി സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ദീർഘകാല വിജയത്തിന് യുവതലമുറയുടെ സജീവ പങ്കാളിത്തം അനിവാര്യമാണെന്നതിനാൽ വിദ്യാർത്ഥികളിൽ പരിസ്ഥിതി സൗഹ്ദ ചിന്താഗതിയും ഉത്തരവാദിത്വവും വളർത്തുന്ന ലക്ഷ്യത്തോടെ നഗരസഭ സീഡ് ബോൾ ക്യാമ്പയിൻ നടത്തുന്നതിന് തിരുവനന്തപുരം നഗരസഭ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

2. 2025 ഓഗസ്റ്റ് 9-ന് പുത്തരിക്കണ്ടം മൈതാനത്തിൽ വച്ച് "സീഡ്ബോൾ നിർമ്മാണവും ഗ്രീൻ ബജറ്റ് 2025 പ്രകാശനവും" എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. ബഹു. കേരളമുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ നഗരസഭാ പരിധിയിലുള്ള വിവിധ സ്കൂളുകളിൽ പഠിക്കുന്ന 6000-ത്തിലധികം വിദ്യാർത്ഥികളും, അധ്യാപകരും, സന്നദ്ധപ്രവർത്തകരും പങ്കെടുക്കുകയും ഏകദേശം 4 ലക്ഷം സീഡ് ബോളുകൾ നിർമ്മിച്ച് വിവിധ

സ്ഥലങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും സന്നദ്ധപ്രവർത്തകർക്കും ടി-ഷർട്ടുകൾ, ഭക്ഷണം, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വേദി, പന്തൽ, സൗണ്ട് സിസ്റ്റം, LED വാൾ മുതലായവ), മീഡിയ പബ്ലിസിറ്റി എന്നിവ ഒരുക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും നഗരസഭയുടെ തനതു ഫണ്ടിൽ നിന്നാണ് നിർവഹിച്ചിട്ടുള്ളത്. വൻതോതിലുള്ള വിദ്യാർത്ഥി പങ്കാളിത്തം ആഗോളതലത്തിൽ ശ്രദ്ധ നേടിയതിനെ തുടർന്ന് **World Book of Records, London** നഗരസഭയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പരിപാടിയുമായി ബന്ധപ്പെട്ട ചെലവുകൾ നഗരസഭ കൗൺസിൽ പരാമർശം (2) പ്രകാരം അംഗീകരിച്ചിട്ടുള്ളതിനാൽ നഗരസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിപാടിയുടെ ചെലവുകൾ തനതു ഫണ്ടിൽ നിന്നു നിർവഹിച്ചതിനുള്ള സാധൂകരണം അനുവദിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് തിരുവനന്തപുരം കോർപറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം സമർപ്പിച്ച കത്ത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു. മേൽ പരിപാടിക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുംപ്രകാരമാണ്

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | അടിസ്ഥാന സൗകര്യങ്ങൾ (പന്തൽ, സീറ്റിംഗ്, സൗണ്ട് സിസ്റ്റം, LED വാൾ, ആർച്ച്, 6500 ടി-ഷർട്ട്, മണ്ണ്,വിത്ത് മുതലായവ) | 19,68,886 രൂപ |
| 2 | ഭക്ഷണം | 4,65,000 രൂപ |
| 3 | IEC, പ്രചരണം, മീഡിയ മറ്റ് അത്യാവശ്യ ചിലവുകൾ - | 5,22,662 രൂപ |
| | ആകെ ചെലവ് | 29,56,548 രൂപ - (ഇരുപത്തി ഒൻപത് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപ മാത്രം ) |

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാർബൺ ന്യൂടൽ പ്രവർത്തങ്ങളുടെ ഭാഗമായി 2025 ഓഗസ്റ്റ് 9-ന് പുത്തരിക്കണ്ടം മൈതാനത്തിൽ വച്ച് "സീഡ്ബോൾ നിർമ്മാണവും ഗ്രീൻ ബജറ്റ് 2025 പ്രകാശനവും" എന്ന പരിപാടി സംഘടിപ്പിച്ചതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപറേഷന്റെ തനത് ഫണ്ടിൽ നിന്നും ₹29,56,548/- രൂപ (ഇരുപത്തി ഒൻപത് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി നാല്പത്തി എട്ടു രൂപ മാത്രം) ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 07-03-2026 12:09:12

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്